പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4289

21.03.2018 ൽ
മറുപടിക്ക്

## ഭരണ സംവിധാനങ്ങളുടെ പ്രവർത്തനരീതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള ഭരണ സംവിധാനങ്ങളുടെ പ്രവർത്തനരീതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

എ) സംസ്ഥാനത്ത് രൂപീകൃതമായ ഭരണ പരിഷ്കാര കമ്മീഷൻ സേവന മേഖലയിൽ നടപ്പിലാക്കേണ്ടുന്ന സമഗ്രമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് സർക്കാരിന് ശിപാർശകൾ നൽകുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. വിജിലൻസ് സംവിധാനം പരിഷ്കരണം എന്ന കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കൂടാതെ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, കുടിയേറ്റ തൊഴിലാളികൾ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമം മുൻനിർത്തികൊണ്ടു വന്നിട്ടുള്ള വിവിധ ക്ഷേമനിയമങ്ങളുടെ ഫലപ്രദമായ നടത്തിപ്പ് സംബന്ധിച്ച പഠനം, ഉദ്യോഗസ്ഥ ശേഷി വികസനം എന്നീ വിഷയങ്ങളിൽ കമ്മീഷൻ പഠനം നടത്തിവരികയാണ്.

കൂടാതെ പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ സംസ്ഥാനത്ത് കെ.എ.എസ് രൂപീകരിച്ചിട്ടുണ്ട്.

ബി) സിവിൽ സർവ്വീസ് ശക്തമാക്കുന്ന കാര്യത്തിൽ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ;

ബി) ഇല്ല.

സി) ഉണ്ടെങ്കിൽ ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായ ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ?

സി) ബാധകമല്ല

സെക്ഷൻ ഓഫീസർ